# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തക സമിതി യോഗം (അവൈലബിൾ)
# 23.02.2021 എ.കെ.ജി.സി.ടി. ഭവൻ

## മിനിട്സ്

**അജണ്ട**

1. സംസ്ഥാനസമ്മേളനം

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ്, ഡോ. രാജേഷ്കുമാർ പി., ഡോ. പ്രിൻസ് പി. ആർ., ഡോ. എ. ബാലകൃഷ്ണൻ, ഡോ. റോസ്നികസ് പി. കെ., ഡോ. സുനിൽ വി. ടി., ഡോ. വിഷ്ണു വി.എസ്., ഡോ. ബി. ഉണ്ണികൃഷ്ണൻ നായർ, സൗമ്യ എസ്., ഡോ. മാണിക്യരാജ് കെ.

വൈകിട്ട് 4.30ന് എ.കെ.ജി.സി.ടി. ഭവനിൽ ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം. സത്യൻ ആധ്യക്ഷം വഹിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

18-02-2021ന് ചേർന്ന എ.കെ.ജി.സി.ടി.യുടെ സംസ്ഥാന സമിതിയോഗം അറുപതിമൂന്നാം സംസ്ഥാന സമ്മേളനം 2021 മാർച്ച് 13ന് തിരുവനന്തപുരത്തു വച്ച് ഓഫ് ലൈൻ ആയും മറ്റു ജില്ലാ കേന്ദ്രങ്ങളൽ ഓൺലൈൻ ആയും ചേരാൻ തീരുമാനിച്ചിരുന്നു. സംസ്ഥാന സമ്മേളനത്തിന്റെ ജനറൽ കൺവീനർ ആയി തിരുവനന്തപുരം ജില്ലാ സെക്രട്ടറി ഡോ. എ. ബാലകൃഷ്ണനെ തെരഞ്ഞെടുത്തു. എന്നാൽ 2021 മാർച്ച് 13ന് സംസ്ഥാനത്ത് ആകമാനം നമ്മുടെ കോളേജുകളും സ്കൂളുകളും കേന്ദ്രീകരിച്ചു വലിയതോതിൽ പി. എസ്.സി.യുടെ പരീക്ഷ നടക്കാൻ പോകുന്നു എന്ന് അറിയാൻ കഴിഞ്ഞു. ആയതിനാൽ അന്നേ ദിവസം സമ്മേളനം നല്ല രീതിയിൽ നടത്തുന്നതിന് ബുദ്ധിമുട്ട് നേരിടും. ഇതിനെ കുറിച്ച് ആലോചിക്കുന്നതിനാണ് ഇന്ന് ഈ യോഗം ചേർന്നത്.

തുടർന്ന് റിപ്പോർട്ടിന്മേൽ വിശദമായ ചർച്ച നടന്നു. ഇതിനെത്തുടർന്ന് താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു.

**തീരുമാനങ്ങൾ**

1. 2021 മാർച്ച് 13ന് തിരുവനന്തപുരത്ത് വച്ച് നടത്താൻ തീരുമാനിച്ചിരുന്ന സംഘടനയുടെ അറുപത്തിമൂന്നാം സംസ്ഥാന സമ്മേളനം 2021 മാർച്ച് 20ലേക്ക് മാറ്റിവയ്ക്കാൻ തീരുമാനിച്ചു.
2. പതാകദിനം 2021 മാർച്ച് 10ന് ആചരിക്കും.

യോഗം വൈകിട്ട് 5 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ,

തിരുവനന്തപുരം — ഡോ. എൻ. മനോജ്
23-02-2021 — ജനറൽ സെക്രട്ടറി